"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വയനാട് ജില്ലയിലെ മുട്ടിൽ നോർത്ത് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ബിന്ദു എ. ആർ. ഉം മറ്റ് രണ്ടുപേരും ചേർന്ന് ഫയൽ ചെയ്ത OA 2344/2023 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.01.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2781/2024/RD തീയതി,തിരുവനന്തപുരം, 24-11-2024

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി)നം. 501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി)നം. 61/2010/ധന നമ്പർ സർക്കാർ ഉത്തരവ്.
3. ശ്രീമതി ബിന്ദു എ.ആർ., ശ്രീമതി ആസ്യ വി.എം., ശ്രീമതി ഷീബ കെ.പി. എന്നിവർ സമർപ്പിച്ച 21.12.2023 ലെ നിവേദനം.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.01.2024 ലെ OA 2344/2023 നമ്പർ കേസിലെ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.04.2024, 28.06.2024 തീയതികളിലെ എൽ.ആർ.96/2023-എൽ.ആർ.(എൻ3) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വിവിധ വില്ലേജ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബിന്ദു എ. ആർ. ഉം മറ്റ് രണ്ടുപേരും ചേർന്ന്, പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ വേതനം തങ്ങൾക്കും ലഭ്യമാക്കുന്നതിന് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത OA 2344/2023 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവിൽ, ഹർജിക്കാർ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (3) നിവേദനത്തിന്മേൽ (അനക്സർ എ 11) ഉചിത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. കാലകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01.03.2004 മുതൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദനീയമായ നിരക്കിലുള്ള വേതനം ലഭ്യമാക്കണമെന്നതായിരുന്നു അനക്സർ എ 11 നിവേദനത്തിലെ ആവശ്യം.

2) ശ്രീമതി ബിന്ദു എ. ആർ. വൈത്തിരി താലൂക്കിലെ മുട്ടിൽ നോർത്ത് വില്ലേജ് ഓഫീസിൽ 01.01.2001 മുതലും, ശ്രീമതി ആസിയ വി. എം. കൽപ്പറ്റ താലൂക്കിലെ തറിയോട് വില്ലേജ് ഓഫീസിൽ 07.08.2000 മുതലും, ശ്രീമതി ഷീബ കെ. പി. വൈത്തിരി താലൂക്കിലെ പൊഴുതന

വില്ലേജ് ഓഫീസിൽ 14.08.2000 മുതലും കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. ടി മൂന്ന് വില്ലേജ് ഓഫീസുകളുടെയും സ്വീപ്പിങ് ഏര്യ 100 ച.മീ. ൽ കുറവായതിനാൽ ടിയാൾക്കാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നില്ല. കല്പറ്റ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം മുട്ടിൽ നോർത്ത്, തരിയോട്, പൊഴുതന വില്ലേജ് ഓഫീസുകളുടെ സ്വീപ്പിംഗ് ഏര്യ യഥാക്രമം 50.18 ച.മീ., 63.96 ച.മീ., 47.50 ച. മീ. ആയിരുന്നു.

3) ബഹു. ഹൈക്കോടതിയുടെ OP നമ്പർ 38515/2002 നമ്പർ കേസിലെ 9/12/2002 ലെ വിധി പ്രകാരം, 25/11/1998 ലെ സ.ഉ.(പി)നം.3000/98/Fin നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള വേതനം കാഷ്വൽ സ്വീപ്പർമാർക്ക് ബാധകമാക്കിയിരുന്നതിന്റെ അടിസ്ഥാനത്തിൽ, വൈത്തിരി താലൂക്കിലെ വിവിധ വില്ലേജുകളിലെ കാഷ്വൽ സ്വീപ്പർമാർക്ക് പി റ്റി എസ് നിരക്കിൽ വേതനം നല്കി വരുന്നുവെന്നും, ശ്രീമതി ആസ്യ, ശ്രീമതി ഷീബ എന്നിവർക്ക് 2016 ലെ ശമ്പള പരിഷ്കരണം പ്രകാരമുള്ള PTS ന്റെ അടിസ്ഥാന ശമ്പളവും 20% DA യും HRA യുമാണ് നിലവിൽ നൽകുന്നതെന്നും, എന്നാൽ 2021 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പി. റ്റി. എസ്. ന് അനുവദനീയമായ നിരക്കിലുള്ള വേതനം ടി ജീവനക്കാർക്ക് നല്കിയിരുന്നില്ലെന്നും എന്നാൽ മുട്ടിൽ നോർത്ത് വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബിന്ദുവിന് 26.06.2010 ലെ സ.ഉ.(സാധാ)നം. 2985/2010/RD പ്രകാരം 2023 ജൂൺ മാസം മുതൽ പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിൽ വേതനം നല്കി വരുന്നതായും പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈത്തിരി താലൂക്കിലെ മുട്ടിൽ നോർത്ത് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബിന്ദു എ. ആർ. ന് 26.06.2010 ലെ സ.ഉ.(സാധാ)നം. 2985/2010/RD ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ ശമ്പള സംരക്ഷണത്തിനും തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള വേതനത്തിനും അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ളതും, ബഹു. ഹൈക്കോടതിയുടെ OP നമ്പർ 38515/2002 നമ്പർ കേസിലെ 9/12/2002 ലെ വിധി പ്രകാരം ശ്രീമതി ആസിയ വി. എം., ശ്രീമതി ഷീബ കെ. പി. എന്നിവർക്ക് പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിച്ച് വന്നിരുന്നതുമാണ്.

5) മേൽ സാഹചര്യത്തിൽ വൈത്തിരി താലൂക്കിലെ മുട്ടിൽ നോർത്ത് വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ബിന്ദു എ. ആർ. ന് 2021 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പി. ടി. എസ്. മാരുടെ വേതന നിരക്കിൽ 2021 മുതൽ 2023 മെയ് മാസം വരെയുള്ള വേതന കുടിശ്ശിക അനുവദിക്കുന്നതിനും, കൽപ്പറ്റ താലൂക്കിലെ തരിയോട് വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ആസിയ വി. എം., വൈത്തിരി താലൂക്കിലെ പൊഴുതന വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഷീബ കെ. പി. എന്നിവർക്ക് പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 3(vi) ന്റെ അടിസ്ഥാനത്തിൽ തുടർന്നും പാർട്ട് ടൈം സ്വീപ്പറുടെ വേതനം അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്.

ശ്രീമതി ബിന്ദു എ. ആർ., കാഷ്വൽ സ്വീപ്പർ, മുട്ടിൽ നോർത്ത് വില്ലേജ് ഓഫീസ്, വയനാട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).

ശ്രീമതി ആസിയ വി. എം., കാഷ്വൽ സ്വീപ്പർ, തറിയോട് വില്ലേജ് ഓഫീസ്, വയനാട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).

ശ്രീമതി ഷീബ കെ. പി., കാഷ്വൽ സ്വീപ്പർ, പൊഴുതന വില്ലേജ് ഓഫീസ്, വയനാട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (31.05.2024, 13.11.2024 തീയതികളിലെ 2781787/EXP-C2/19/2024-FIN റിമാർക്ക്സ് പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 25-11-2024 10:35:09

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പി. എസ്. ന്